"ഭരണഭാഷ-മാതൃഭാഷ"

നമ്പർ സി5/03/2018/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 12/05/2022
ഇ-മെയിൽ : supdtc.dge@kerala.gov.in
ഫോൺ : 0471-2580514

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം – ജീവനക്കാര്യം – 2011-15 കാലയളവിലെ സീനിയർ ക്ലാർക്ക് സ്ഥാനക്കയറ്റ പട്ടികയിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് – സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ സീനിയോറിറ്റി സെക്ഷന്റെ 28/06/2021 തീയതിയിലെ SY2/30800/2019/DGE നമ്പർ ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം 2011-15 കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക അന്തിമപ്പെടുത്തിയിരിക്കുകയാണ്. ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റാങ്ക് നം. 101 മുതൽ 250 വരെയുള്ള ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റം നൽകുന്നതിനു വേണ്ടി (ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, നൂൺമീൽ ഓഫീസർ) സർവ്വീസ് സംബന്ധമായ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ട മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിന് ശേഷം സേവന വിവരങ്ങൾ മാതൃകാ ഫോറത്തിൽ സാക്ഷ്യപ്പെടുത്തി 25/05/2022 നകം ഇ-മെയിൽ മുഖേന supdtc@kerala.gov.in ഈ കാര്യാലയത്തിൽ നൽകേണ്ടതാണ്. ഹെഡ് ക്വാർട്ടേഴ്സ് യൂണിറ്റിലെ (പരീക്ഷാഭവൻ, ടെക്സ്റ്റ് ബുക്ക് ഓഫീസ്) ജീവനക്കാരുടെ സേവന വിവരങ്ങളും 25/05/2022 നകം നൽകേണ്ടതാണ്. യഥാസമയം സേവന വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മുമ്പാകെ ഹാജരാക്കാത്ത ജീവനക്കാരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല. (മാതൃക ഫോറം English ൽ Excel Sheet ൽ മേൽപ്പറഞ്ഞ ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്)

Bijumon
ബിജുമോൻ ജോസഫ്
പെൻ:101243
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം
3) ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
4) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (വെബ് സൈറ്റ് മുഖേന)
5) ബന്ധപ്പെട്ട എല്ലാ ഓഫീസ് മേലധികാരികൾക്കും
6) എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ് , പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

| ക്രമ നം. | സീനിയർ ക്ലാർക്ക് റാങ്ക് നം. | ജീവനക്കാരന്റെ പേര്, പെൻ, കാര്യാലയം | വകുപ്പ് തല പരീക്ഷ വിജയിച്ച വർഷം | സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച തീയതി | ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ തീയതിയും ഉത്തരവ് നമ്പരും | ശൂന്യവേതനാവധിയ്ക്ക് ശേഷം ജോലിയിൽ പ്രവേശിച്ച തീയതി | എൽ. ഡി. ക്ലാർക്കായി സേവനമനുഷ്ഠിച്ച കാലയളവിൽ അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | വകുപ്പ് തല അച്ചടക്ക നടപടി ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

വിദ്യാഭ്യാസ ഉപഡയറക്ടർ